# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമരമ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM 26/437/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമരമ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM 26/437/2023 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2022 മുതൽ 25-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. അബ്ദുൽ ജലീൽ ടി.പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീ.മുഹമ്മദ് സലീം ടി, അസി.ഓഡിറ്റ് ഓഫീസർ.
3) ശ്രീ. രാമകൃഷ്ണൻ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഇല്ലിക്കൽ ഹുസൈൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഐ.അബ്ദുൽ റഷീദ് | സെക്രട്ടറി | 01-04-2021 | 03-01-2022 |
| ശ്രീ.ബിനു.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2022 | 18-01-2022 |
| ശ്രീ.ഷാജു.പി.ബി | സെക്രട്ടറി | 19-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനു.കെ.സി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹസീന.എൻ.കെ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിലാസിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.സമീർ.വി.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷിജോയ്.വി.എസ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.പ്രമോദ്.വി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രദീപ് നെല്ലിക്കോടൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.ജിബിൻ ജോർജ്.ടി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ശരത് ഭാസ്കർ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ഡോ.മോനിഷ് | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2021 | 28-09-2021 |
| ഡോ.റഹ്മാൻ .കെ.സി | മെഡിക്കൽ ഓഫീസർ ( PHC) | 29-09-2021 | 31-03-2022 |
| ശ്രീമതി.സാജിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 11 | വാർഷികകണക്ക് പരിശോധന-അപാകതകൾ | 1-11 |
| 12 | വെള്ളക്കരം അനർഹമായി ചുമത്തിയ കുടിശ്ശിക ഒഴിവാക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്. | 1-12 |
| 13 | കെഎസ്ഇബി ഡെപ്പോസിറ്റ് പ്രവൃത്തി വിശദമായ എസ്റ്റിമേറ്റ് ഉല്ല. | 1-13 |
| 14 | പാലിനു സബ്സിഡി പദ്ധതി - അധിക തുക നൽകി | 1-14 |
| 15 | മരണശേഷവും ക്ഷേമപെൻഷൻ നൽകി | 1-15 |
| 16 | പേവിഷ നിർമ്മാർജന പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-16 |
| 17 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം ആരംഭിച്ചില്ല. | 1-17 |
| 18 | ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയയ്ക്കൽ - ജി എസ് ടി ഈടാക്കുന്നു. | 1-18 |
| 19 | എസ്റ്റിമേറ്റോ മൂല്യനിർണ്ണയമോ ഇല്ലാതെ മരാമത്ത് പ്രവൃത്തി ചെയ്തു | 1-19 |
| 20 | എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന പ്രവൃത്തി നടത്തിയത്; അപാകതകൾ | 1-20 |
| 21 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി | 1-21 |
| 22 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-22 |
| 23 | തൊഴിൽ നികുതി - ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 1-23 |
| 24 | റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയം - നികുതി ഇനത്തിൽ നഷ്ടം | 1-24 |
| 25 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല | 1-25 |
| 26 | കോവിഡ് 19 പ്രതിരോധ പ്രവർത്തനം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-26 |
| 27 | പ്രാഥമികാരോഗ്യ കേന്ദ്രം സബ്സെന്ററുകൾക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ | 1-27 |

| | | |
|---|---|---|
| | വാങ്ങൽ- കമ്പ്യൂട്ടർ ലഭ്യമായില്ല. | |
| 28 | വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. | 1-28 |
| 29 | അനധികൃതമായി ഭൂപരിവർത്തനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-29 |
| 30 | രശീതികളുടെ ഉപയോഗം- അപാകതകൾ | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി | 3-1 |
| 2 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി പദ്ധതി – അധികതുക നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/18-02-2021 | 2(1)/17-03-2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 20.08.2022 | - | - |

സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം തന്നെ വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,40,60,366 |
| വരവ് | 15,38,36,989 |
| ആകെ | 19,78,97,355 |
| ചെലവ് | 14,72,20,977 |
| നീക്കിയിരിപ്പ് | 5,06,76,378 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,46,35,258 | 3,46,35,258 | 3,38,05,999 | 8,29,259 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,17,12,558 | 1,17,12,558 | 1,04,45,476 | 12,67,082 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 30,42,152 | 30,42,152 | 29,58,324 | 83,828 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,94,22,441 | 2,94,22,441 | 2,01,58,418 | 92,64,023 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,00,61,198 | 1,00,61,198 | 81,04,780 | 19,56,418 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(യുണൈറ്റഡ് ബേസിക്) | 0 | 85,35,856 | 85,35,856 | 54,04,299 | 31,31,557 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈഡ്) | 0 | 1,78,22,993 | 1,78,22,993 | 40,76,433 | 1,37,46,560 |
| ബി ഫണ്ട് | 0 | 7,43,89,000 | 7,43,89,000 | 7,43,89,000 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 23,87,01,578 | 209 | 12,38,60,048 | 0 | 36 | 85.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 58715 | 8080078 | 8138793 | 8138793 | 0 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 22391585 | 22391585 | 22391585 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 7983000 | 481 |
| വിധവാപെൻഷൻ | 2,50,83,500 | 1642 |
| വാർദ്ധക്യകാലപെൻഷൻ | 3,46,21,400 | 2554 |
| വികലാംഗപെൻഷൻ | 82,45,200 | 552 |
| വിവാഹധനസഹായം | 2,40,000 | 8 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 18,64,800 | 116 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2023 ന് 3.20pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,354/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മെഡിക്കൽ ഓഫീസർ കാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
2. ഐസിഡിഎസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളിൽ മോണിറ്ററിംഗ് ഇല്ല.
3. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2022 | 10/2022 | 18.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2019 | 2013-2014 മുതൽ 2017-18 വരെ | 08.03.2019 |

## 1-11 വാർഷികകണക്ക് പരിശോധന-അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

4)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

5) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

6)ബാലൻസ് ഷീറ്റ് B-17 പ്രകാരം എം ജി എൻ ആർ ഇ ജി എസ് നീക്കിയിരിപ്പ് തുക 0 എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം 58,715 രൂപ കാരണം വ്യക്തമല്ല.

7) തൊഴിലുറപ്പ് പദ്ധതി ആകെ ചെലവ് തുക വാർഷികകണക്ക് പ്രകാരം 2,33,54,078രൂപ തൊഴിലുറപ്പ് പദ്ധതി കാഷ്ബുക്ക് പ്രകാരം 3,05,30,378 രൂപ. വ്യത്യാസം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/2021-22/06.03.23- മറുപടി ലഭ്യമാക്കിയില്ല.)

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വെള്ളക്കരം അനർഹമായി ചുമത്തിയ കുടിശ്ശിക ഒഴിവാക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2021-22 വർഷം 162 പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരം 74426 രൂപ വീതം എല്ലാ മാസവും അടയ്ക്കുന്നുണ്ട്. വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് നൽകുന്ന ഡിമാന്റ് നോട്ടീസിൽ ഭീമമായ തുക കുടിശ്ശികയും ഫൈനും ഡിമാന്റ് ചെയ്യുന്നുണ്ട്. 2021 ഏപ്രിൽ, 2022 മാർച്ച് മാസങ്ങളിലെ ഡിമാന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | 2021 ഏപ്രിൽ | 2022 മാർച്ച് |
|---|---|---|
| കുടിശ്ശിക | 52849 | 65440 |
| ഫൈൻ | 1037 | 1284 |
| തൻമാസം | 74426 | 74426 |
| ആകെ | 128312 | 141150 |

ഗ്രാമപഞ്ചായത്ത് എല്ലാ മാസവും തൻമാസ ഡിമാന്റ് തുക മാത്രമേ അടയ്ക്കുന്നുള്ളൂ. എന്നാൽ ശരിയായ ഡിമാന്റ് സംബന്ധിച്ച് തീരുമാനത്തിലെത്തി തീർപ്പ് കൽപ്പിക്കാതിരുന്നാൽ ഭീമമായ തുക ഗ്രാമപഞ്ചായത്ത് പിഴ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടി വരും. 2021-22ൽ മാത്രം 12838 രൂപ പിഴ ഇനത്തിൽ വർദ്ധനവുണ്ട്. ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/2.3.23 ന നൽകിയ മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ

അറിയിച്ചു. ഗ്രാമപഞ്ചായത്ത് 243 ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിരുന്നു. 22.11.2019 ന നടത്തിയ സംയുക്ത പരിശോധനയിൽ 162 ടാപ്പുകൾ മാത്രം പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഈ സാഹചര്യത്തിൽ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച ഡിമാന്റ് നോട്ടീസ് ലഭ്യമായതിന ശേഷം ആയത് അടവാക്കിയാൽ മതി എന്ന് ഭരണസമിതി 2.12.2019 ലെ 14/1 നമ്പറായി തീരുമാനം എടുക്കുകയും ആയത് 2.12.2019 ലെ എ2-5598/19 നമ്പർ കത്തിൽ സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചു. എന്നാൽ 2019 ഡിസംബർ മാസവും 243 വാട്ടർ ടാപ്പുകളുടെ കരം ഡിമാന്റ് ചെയ്തിരുന്നു. ഇത് വഴി അധികം ഡിമാന്റ് ചെയ്ത 36143 രൂപ കുറവ് ചെയ്യുന്നതിനുള്ള അനുമതിക്കായി കേരള വാട്ടർ അതോറിറ്റി മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനിയർ വാട്ടർ അതോറിറ്റി അക്കൗണ്ട്സ് ഓഫീസർക്ക് നൽകിയ 17.1.2020 ലെ എബി4/2591/2013 നമ്പർ കത്തിന്റെ പകർപ്പും ഹാജറാക്കി. 2019 ഡിസംബർ മാസത്തിലെ അധിക ഡിമാന്റ് 36143 രൂപയും അതിന പ്രതിമാസം ചുമത്തുന്ന പിഴയുമടക്കം 2022 മാർച്ചിലെ അധിക ഡിമാന്റ് 66724 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അധികമായി ചുമത്തിയ ഡിമാന്റ് ഒഴിവാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കെഎസ്ഇബി ഡെപ്പോസിറ്റ് പ്രവൃത്തി വിശദമായ എസ്റ്റിമേറ്റ് ഇല്ല.

പ്രൊജക്ട് നമ്പർ 163/22 സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി താഴെ ചേർത്ത വിശദ വിവരങ്ങൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | |
|---|---|---|---|
| 1 | 22100117/30.10.21 | 1980984 | 14.17 കിലോമീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന. |
| 2 | 22100119/2.11.21 | 118826 | 19 സ്ട്രീറ്റ് മെയിൻ മീറ്ററുകൾ സ്ഥാപിക്കുന്നതിന. |
| 3 | 22100268/21.11.21 | 99946 | അമരമ്പലം പഞ്ചായത്ത് വാർഡ് 17ൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന |
| | ആകെ | 2199756 | |

ക്രമനമ്പർ 1 പ്രവൃത്തിക്ക് കെഎസ്ഇബി നൽകിയ വിശദമായ എസ്റ്റിമേറ്റിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| Total Material Cost | 755026 |
| 16 % S O C | 120804 |
| Total Labour Charge | 86708 |
| 10 % Supervision Charge | 8671 |
| Additional Charges ( If Any) | 1009775 |
| Total | 1980984 |

അഡീഷണൽ ചാർജ് ഇനത്തിൽ ഭീമമായ തുക എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചതായി കാണുന്നു. ആയതിന്റെ ഇന വിവരം ലഭ്യമല്ല. ആയതിന്റെ വിശദ വിവരം ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് കെഎസ്ഇബിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/2.3.23 ന മറുപടി ലഭ്യമായിട്ടില്ല. )

## 1-14 പാലിന സബ്സിഡി പദ്ധതി - അധിക തുക നൽകി

പ്രോജക്ട് നം. 9/22

ക്ഷീരകർഷകർക്ക് പാലിന സബ്സിഡി പദ്ധതി

വിനിയോഗിച്ച തുക- 7,00,000രൂപ (പ്ലാൻഫണ്ട് -ജനറൽ)

ബിൽ നം.1/2021-22/ 15.02.22- 1,82,943 രൂപ

ബിൽ നം.2/2021-22/ 15.02.22- 64,155 രൂപ

ബിൽ നം.3/2021-22/ 26.02.22- 1,71,285രൂപ

ബിൽ നം.4/2021-22/ 26.02.22- 1,46,103 രൂപ

ബിൽ നം.5/2021-22/ 26.02.22- 57,033രൂപ

ബിൽ നം.6/2021-22/ 26.02.22- 11,520രൂപ

ബിൽ നം.7/2021-22/ 26.02.22- 38,254രൂപ

ബിൽ നം.8/2021-22/ 26.02.22- 28707രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ വിവിധ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 2021 ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പാലളവ് പത്രികയുടെ അടിസ്ഥാനത്തിൽ 1 ലിറ്റർ പാലിനു 3 രൂപ നിരക്കിൽ ആണ് സബ്സിഡി നൽകിയിട്ടുള്ളത് എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് പാലുൽപാദക സഹകരണ സംഘം നൽകിയ കണക്കിലുള്ളതിനേക്കാൾ കൂടിയ അളവ് പാലിനു സബ്സിഡി നൽകി.

| ഗുണഭോക്താവ് | പാലളവ് പത്രിക പ്രകാരം അളന്ന പാൽ (ലിറ്റർ) | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം തുക | സൊസൈറ്റിയുടെ പേര് |
|---|---|---|---|---|---|
| സുഷ്മ പുത്തൻവീട്ടിൽ | 718 | 2154 (718x3) | 4218 (1406x3) | 2064 | പൂക്കോട്ടുംപാടം കെ എസ് എസ് (ബിൽനം.1/20-22/ 15.02.22) |
| ഗംഗ കണ്ണംകുളങ്ങര | 24 | 72(24x3) | 807(269x3 | 735 | അമരംമ്പലം കെ എസ് എസ് ബിൽ നം.1/2021-22/ 15.02.22 |
| സൈനബ കളരിപറമ്പിൽ | 580 | 1740 (580x3) | 2178 (726x3) | 438 | കരുളായി കെ എസ് എസ് (ബിൽനം.3/2021-22/ 26.02.22) |
| അധികം | | | | 3237 | |

കൂടാതെ, വേങ്ങപ്പരത കെ എസ് എസ് ലെ ക്ഷീരകർഷകർക്ക് താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്. ബിൽ നം.4/2021-22/ 26.02.22 പ്രകാരം അധിക തുക നൽകിയ ക്ഷീരകർഷകർക്ക് പിന്നീട് ബിൽ നം.7/2021-22/ 26.02.22 പ്രകാരം വീണ്ടും തുക നൽകുകയുണ്ടായി.

| ഗുണഭോക്താവ് | പാലളവ് പത്രിക പ്രകാരം അളന്ന പാൽ (ലിറ്റർ) | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക ബിൽ നം.4/2021-22/ 26.02.22 പ്രകാരം | അനുവദിച്ച തുക ബിൽ നം.7/2021-22/ 26.02.22 പ്രകാരം വീണ്ടും നൽകിയത് | ആകെ അധിക തുക |
|---|---|---|---|---|---|
| വൽസല | 402 | 1206(402x3) | 2232 (744x3) | 141 | 1167 (2373-1206) |
| അഹമ്മദ്കുട്ടി | 210 | 630 (210x3) | 1617 (539x3) | 227 | 1214 |

| | | | | | |
|---|---|---|---|---|---|
| | | | | | (1844-630) |
| മോഹൻദാസ് | 603 | 1809 (603x3) | 2409 (803x3) | 59 | 659<br>(2468-1809) |
| സുധീർബാബു | 609 | 1827(609x3) | 2190(730x3) | 209 | 572<br>(2399-1827) |
| അബൂബക്കർ | 1562 | 4686(1562x3) | 5022(1674x3) | 525 | 861<br>(5547-4686) |
| ഷിന്റോ മാത്യൂ | 225 | 675(225x3) | 1134(378x3) | 105 | 564<br>(1239-675) |
| ജെയിൻവെട്ടിക്കൽ | 1281 | 3843 (1281x3) | 4926 (1642x3) | 463 | 1546<br>(5389-3843) |
| സ്മിത മാടായി | 1053 | 3159 (1053x3) | 3930(1310x3) | 335 | 1106<br>(4265-3159) |
| ജയമോൾ | 784 | 2352(784x3) | 2556 (852x3) | 256 | 460<br>(2812-2352) |
| സിന്ധു | 165 | 495 (165x3) | 600 (200x3) | 52 | 157 (652-495) |
| ഷാജി ജോസഫ് | 3323 | 9969 (3323x3) | 11061 (3687x3) | 910 | 2002<br>(11971-9969) |
| സജി എം ആർ | 208 | 624 (208x3) | 816(272x3) | 72 | 264<br>(888-624 ) |
| ശാരദ<br>ചുള്ളികുളവൻ | 245 | 735 (245x3) | 1254 (418x3) | 112 | 631<br>(1366- 735) |
| പ്രമീള മൊരടൻ | 705 | 2115 (705x3) | 2208 (736x3) | 205 | 298<br>(2413-2115) |
| രഞ്ജിത്ത് | 3456 | 10368(3456x3) | 13359(4453x3) | 1109 | 4100<br>(14468-10368) |
| സന്തോഷ് | 1238 | 3714 (1238x3) | 14592 (4864x3) | 0 | 10,878<br>(14592-3714) |
| ഉമ്മർ എ | 3116 | 9348 (3116x3) | 10314 (3438x3) | 1054 | 2020<br>(11368-9348) |

| | | | | | |
|---|---|---|---|---|---|
| ഉമ്മർകുട്ടി | 0 | 0 | 1860(620x3) | 0 | 1860 |
| പത്മനാഭൻ ടി | 568 | 1704 (568x3) | 2085 (695x3) | 187 | 568<br>(2272-1704) |
| റംലത്ത് | 354 | 1062 (354x3) | 1686 (562x3) | 100 | 724<br>(1696-1062 |
| മൈമൂനത്ത് | 1106 | 3318 (1106x3) | 4197 (1399x3) | 331 | 1210<br>(4528- 3318) |
| ഇസ്ഹാക്ക് | 1230 | 3690 (1230x3) | 4269 (1423x3) | 180 | 759<br>(4449-3690) |
| അയ്യപ്പൻ | 435 | 1305 (435x3) | 1485 (495x3) | 143 | 323<br>(1628-1305) |
| പ്രസന്നകുമാരി<br>കരിമ്പനക്കൽ | 165 | 495 (165x3) | 999(333x3) | 60 | 564<br>(1059-495) |
| സാറാകുന്നനാത്ത് | 298 | 894 (298x3) | 1689 (563x3) | 119 | 914<br>(1808-894) |
| സുലോചന കെ | 1426 | 4278 (1426x3) | 4728 (1576x3) | 466 | 916<br>(5194- 4278) |
| ആയിഷ കെ പി | 656 | 1968 (656x3) | 1839(613x3) | 207 | 78<br>(2046-1968) |
| ആകെ | | | | | 36,415 |
| ഒട്ടാകെ | | | | | 36415+ 3237<br>= 39,652 |

ജയശ്രീ മോടേങ്ങാട്ടിൽ, ഇബ്രാഹിം വരമ്പൻകല്ലൻ എന്നീ ഗുണഭോക്താക്കൾ സൊസൈറ്റിയുടെ ലിസ്റ്റിൽ ഇല്ല (ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടോയെന്ന് വ്യക്തമല്ല) എന്നാൽ ആനുകൂല്യം (യഥാക്രമം 105രൂപ (35x3), 438രൂപ (146x3)) നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയില്ല.
അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നമ്പർ 13/6.3.2023)മേൽ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കി ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി. വിശദവിവരം ഭാഗം -3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 മരണശേഷവും ക്ഷേമപെൻഷൻ നൽകി

ഗ്രാമപഞ്ചായത്തിലെ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വിശ്വനാഥൻ കക്കുഴി വീട്, തോട്ടേക്കാട് അമരമ്പലം പി ഒ എന്ന ഗുഭോക്താവ് 06.01. 2020ന് മരണപ്പെട്ടു. (പെൻഷൻ ഐ ഡി നം.108950202454) (മരണം രജി. നം. 7/2020/25.01.2020) എന്നാൽ ടിയാന്റെ കേരള ഗ്രാമീൺ ബാങ്കിലുള്ള 40132100902739 നം. പൂക്കോട്ടും പാടം ശാഖയിലെ ബാങ്ക് അക്കൗണ്ടിലേക്ക് 10/2020 വരെ വാർദ്ധക്യകാല പെൻഷൻ

അനുവദിച്ചു. അധികമായി 12,800രൂപ (01/20 മുതൽ 04/20 വരെ 1200x4= 4800രൂപ, 05/20 മുതൽ 08/20 വരെ 1300x4= 5200രൂപ, 09/20 മുതൽ 10/20 വരെ 1400x2= 2800 ആകെ 4800+5200+ 2800 = 12,800) അനുവദിച്ചു.

2)അബു വാഴക്കാൻ പത്തായപ്പാറ അമരമ്പലം എന്ന കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താവ് 10.06.2020 ന് മരണപ്പെട്ടുവെങ്കിലും 09/21 വരെ പെൻഷൻ അനുവദിച്ചു. (പെൻഷൻ ഐ ഡി 108950100467) (മരണം രജി.നം. 57/2020/ 29.06.2020).ടിയാന്റെ കേരള ഗ്രാമീൺ ബാങ്കിലുള്ള 4013100102551 നം. പൂക്കോട്ടുംപാടം ശാഖയിലെ ബാങ്ക് അക്കൗണ്ടിലേക്ക് അധികമായി 23,600രൂപ (06/20 മുതൽ 08/20 വരെ 1300x3= 3900രൂപ ,09/20 മുതൽ 12/20 വരെ 1400x4= 5600രൂപ, 01/21 മുതൽ 03/21 വരെ 1500x3= 4500രൂപ, 04/21 മുതൽ 9/21 വരെ 1600x6= 9600രൂപ. ആകെ 3900+5600+ 4500 +9600= 23,600) അനുവദിച്ചു.

3)സുന്ദരൻ കളത്തിൽ വീട് പെരിഞ്ചൂർ പൂക്കോട്ടുംപാടം പി ഒ എന്ന വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവിന് 07.06.2020 ന് മരണപ്പെട്ടുവെങ്കിലും 09/20 വരെ പെൻഷൻ അനുവദിച്ചു. (പെൻഷൻ ഐ ഡി 108950201226 )(മരണം രജി.നം. 58/2020/ 29.06.2020).ടിയാന്റെ നിലമ്പൂർ കോ.ഓപ്പറേറ്റീവ് അർബ്ബൻ ബാങ്കിലുള്ള 00601010004878 നം. ബാങ്ക് അക്കൗണ്ടിലേക്ക് അധികമായി 5300രൂപ (06/20 മുതൽ 08/20 വരെ 1300x3= 3900രൂപ ,09/20 ന് 1400രൂപ ആകെ 5300രൂപ.) അനുവദിച്ചു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.18/2021-22/07.03.21)മറുപടി ലഭ്യമാക്കിയില്ല.അധിക തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ,ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചപ്പോഴാണ് മേൽ അപാകതകൾ കണ്ടെത്തിയത്. മരണപ്പെട്ടവരുടെ മുഴുവൻ അപേക്ഷകളും പരിശോധനാ വിധേയമാക്കി അനർഹമായി ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പാക്കേണ്ടതും, അധികതുക അനുവദിച്ചിട്ടുള്ള പക്ഷം ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 പേവിഷ നിർമ്മാർജന പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 52/22

പേവിഷ നിർമ്മാർജന പദ്ധതി

വിനിയോഗിച്ച തുക – 2415 രൂപ (തനത് ഫണ്ട്)

ചെക്ക് നം.255858/03.03.22

നിർവ്വഹണം - വെറ്ററിനറി സർജൻ

പദ്ധതി പ്രകാരം വളർത്തു നായകൾക്ക് കുത്തിവെപ്പ് എടുക്കുന്നതിനായുള്ള സാനിറ്റൈസർ ഗ്ലൗസ്, മെഡിസ്പിരിറ്റ് എന്നിവ വാങ്ങിയതിനുള്ള ചെലവുകൾ, വാഹന വാടക എന്നീ ഇനങ്ങളിലാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ എത്ര വളർത്തു നായകൾക്ക് കുത്തിവെപ്പ് നടത്തി എന്നതു സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/2021-22/07.03.23- മറുപടി ലഭ്യമാക്കിയില്ല.)

## 1-17 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം ആരംഭിച്ചില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (പ്രോജക്റ്റ് നം.187/22 )പ്രകാരം 2021-22 വർഷത്തിൽ ഉടമ്പടിവെച്ച് അഡ്വാൻസ് തുക 40,000രൂപ കൈപ്പറ്റിയ ചെറിയകുട്ടി ഇട്ടേപ്പാടൻ അമരമ്പലം സൗത്ത് പി ഒ (ബിൽ നമ്പർ. 3/2021-22/10-9-21) എന്ന ഗുണഭോക്താവ് നാളിതു വരെയും വീടുപണി ആരംഭിച്ചിട്ടില്ല.

കൂടാതെ, ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം) (പ്രോജക്റ്റ് നം.152/22 )പ്രകാരം 2021-22 വർഷത്തിൽ ഉടമ്പടിവെച്ച് അഡ്വാൻസ് തുക 40,000രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയും വീടുപണി ആരംഭിച്ചിട്ടില്ല. (ബിൽ നമ്പർ. 2/2021-22/10-8-21)

1) ശ്രീകുമാർ ഇല്ലിപ്പറമ്പൻ കവളമുക്കട്ട പി ഒ

2) ഓമന താൽക്കണ്ടി പുഞ്ച കവളമുക്കട്ട പി ഒ

3)സിന്ധു W/o അശോകൻ പാട്ടക്കരിമ്പ് കോളനി

അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും അടിയന്തിരമായി വീടുപണി പൂർത്തീകരിക്കാത്ത പക്ഷം കരാർ പ്രകാരമുള്ള തുക പലിശസഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/2021-22/06.03.23 -മറുപടി ലഭ്യമാക്കിയില്ല.)

## 1-18 ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയയ്ക്കൽ - ജി എസ് ടി ഈടാക്കുന്നു.

പ്രോജക്റ്റ് നം. 165/22

ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കൽ പദ്ധതി

വിനിയോഗിച്ച തുക - 4,75,000രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക)

വൗച്ചർ നം. XVFC/2021-22/P/1 തീ.13.10.21 – 52,038

വൗച്ചർ നം. XVFC/2021-22/P/2 തീ.22.10.21 – 3,16,263

വൗച്ചർ നം. XVFC/2021-22/P/8 തീ.23.11.21 - 33,866

വൗച്ചർ നം. XVFC/2021-22/P/19തീ.26.11.21 - 38,940

വൗച്ചർ നം. XVFC/2021-22/P/54തീ.24.03.22 – 33,893

നിർവ്വഹണം - വി ഇ ഒ

പദ്ധതിയിൽ പ്രകാരം ക്ലീൻ കേരള കമ്പനിക്ക് പാഴ്മാലിന്യം കയറ്റി അയക്കുന്നതിനായി കമ്പനിയുമായി ചമച്ച കരാർ പ്രകാരം കിലോഗ്രാമിന് 10 രൂപ നിരക്കിൽ നൽകുന്നുണ്ട്. ആയതിന് പുറമെ 18% ജി എസ് ടി കൂടി കമ്പനി ഈടാക്കി വരുന്നു. മാലിന്യം കയറ്റി അയച്ചതിന്റെയും ജി എസ് ടി ഈടാക്കിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | കയറ്റി അയച്ച മാലിന്യം (Kg) | നൽകിയ തുക | ജി എസ് ടി ഈടാക്കിയത് (18%) |
|---|---|---|---|
| 1 | 4410 | 52,038 | 7938(3969 +3969) |
| 2 (I) | 23,235 | 3,16,263 (ഫ്ലഡ് സെസ് ഉൾപ്പെടെ) | 41,823 |
| (Ii) | 3370 | 26605 | 6066 |
| 3 | 2870 | 33,866 | 5166 |
| 4 | 3300 | 38,940 | 5940 |
| 5 | 10,690 | 33,893 | 19,242 (1,26,142 രൂപയിൽ 33893 രൂപയാണ് തൻവർഷം നൽകിയത് .<br>ബാക്കി തുക 2022-23 ൽ നൽകി) |
| | ആകെ | | 80,109 |

പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31. 07.2018 പ്രകാരം ജി എസ് ടി ബാധകമല്ലെന്ന് ഇതു സംബന്ധിച്ച് ചോദ്യത്തിന് മലപ്പുറം പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മറുപടിയായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം അയച്ച JC-MLPM/643/2020M4 തീ.03.10.2022 നം. കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പ്രകാരം കമ്പനിക്ക് ജി എസ് ടി അനുവദിച്ചു നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2021-22/07.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവുകൾ പ്രകാരം പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി ബാധകമല്ലാത്തതിനാൽ ജി എസ് ടി നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-19 എസ്റ്റിമേറ്റോ മൂല്യനിർണ്ണയമോ ഇല്ലാതെ മരാമത്ത് പ്രവൃത്തി ചെയ്തു

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടികൾക്ക് കളി ഉപകരണങ്ങൾ ( മെറിഗോ റൗണ്ടുകൾക്ക് മേൽക്കൂര സ്ഥാപിക്കൽ) (64/22) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി BRN നമ്പർ 2115075202730121807З/26.2.22 പ്രകാരം 350000രൂപ റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരമുള്ള മേൽക്കൂര സ്ഥാപിക്കൽ പ്രവൃത്തി 7 അംഗനവാടികളിൽ ആണ് ചെയ്തിട്ടുള്ളത്. സിഡ്കോ മഞ്ചേരി,

ആർട്ക്കോ, സിഡ്കോ കോഴിക്കോട് എന്നിവരിൽ നിന്ന് ക്വട്ടേഷൻ ലഭ്യമാക്കി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിഡ്കോ മഞ്ചേരിയെ പ്രവൃത്തി ഏൽപിക്കുകയും അവർ ക്വാട്ട് ചെയ്ത 50000 രൂപ നിരക്കിൽ 7 അംഗനവാടികളിലെ പ്രവൃത്തിക്ക് 350000 രൂപ നൽകുകയുമാണ് ചെയ്തത്. ഇരുമ്പ് കാലുകൾ സ്ഥാപിച്ച് സറ്റീൽ സ്ട്രക്ച്ചറിൽ മേൽക്കൂര പണിത് ഷീറ്റ് മേയുന്ന പ്രവൃത്തി ആണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് പ്രൊജക്റ്റ് മാനേജമെന്റ് കൺസൾട്ടന്റായി സിഡ്കോയെ ചുമതലപ്പെടുത്താമെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അളവെടുത്ത് മൂല്യനിർണ്ണയം നടത്തുകയോ ചെയ്യാതെ സിഡ്ക്കോക്ക് പണം നൽകുകയാണ് ചെയ്തത്. മരാമത്ത് പ്രവൃത്തിയിലെ നടപടിക്രമങ്ങൾ പാലിക്കാതെ തുക നൽകിയതിനു ആധാരമായ അനുമതി രേഖ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. ഈ പ്രവൃത്തിയിൽ മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ 12 ശതമാനത്തിനു പകരം 18 % ജിഎസ് ടി ചുമത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/4.3.23ക്ക് ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ല എന്ന മറുപടി ലഭ്യമാക്കി. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം എഞ്ചിനിയറിംഗ് വിഭാഗത്തെ തന്നെ ഏൽപ്പിക്കേണ്ടതാണ്.

## 1-20 എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന പ്രവൃത്തി നടത്തിയത്; അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2021-22ൽ എയ്ഡഡ് സ്കൂളിൽ ആസ്തിവികസന പ്രവൃത്തി നടത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.
1.പ്രവൃത്തി : AUPS പൂക്കോട്ടുംപാടം AKMLPS കുറ്റമ്പാറ എന്നിവടങ്ങളിലെ ശൗചാലയ നിർമാണം 230/22

അടങ്കൽ : 520000 രൂപ (കേന്ദ്ര ഫണ്ട്)

കരാറുകാരൻ : മുഹമ്മദ് അലി പി ടി

അളവ് പുസ്തകം : 158/20-21

ചെലവ് : 451821 രൂപ ( വൗച്ചർ നംപർ 22/21-22/13-9-21)

ഭരണാനുമതി: 6(1)/29-5-20

രണ്ട് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റ് നിർമിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്റ്റ്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളിലാണ് മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്(കൈ) നംപർ.11/2018/തസ്വഭവ/തീയതി 29-1-2018 പ്രകാരമുള്ള 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ എല്ലാ സർക്കാർ സ്കൂളുകളിലും മേൽ സൗകര്യം ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2022-23 ൽ സർക്കാർ സ്കൂളുകൾക്ക് ടോയ്ലെറ്റ് നിർമിക്കുന്നതിന് പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തുന്നുണ്ടെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 6/4-3-23 ഓഡിറ്റ് എൻക്വയറിക്ക്, ഗ്രാമപഞ്ചായത്ത് പരിധിയിലെ 5 സർക്കാർ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ, സ്കൂളിൽ മതിയായ ശുചിത്വ സൗകര്യങ്ങളുണ്ടെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇത് 2/23 ൽ സാക്ഷ്യപ്പെടുത്തിയതാണ്. മേൽ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നത് 29-5-2020 നാണ്. ആയതിനാൽ തന്നെ ഈ സാക്ഷ്യപത്രം മേൽ പദ്ധതി നടപ്പാക്കുന്നതിന് പരിഗണിക്കാൻ കഴിയില്ല. മാത്രമല്ല, 2022-23 വർഷത്തിൽ പ്രൊജക്റ്റ് നമ്പർ 26 പ്രകാരം കവളമുക്കട്ട LP സ്കൂളിൽ ടോയ്ലറ്റ് നിർമാണത്തിന് 500000 രൂപ അടങ്കലുള്ള പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 90% പ്രവൃത്തികൾക്ക്, 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (MORD-2016,C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 4-3-23ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 6 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 23120 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശത്തിന് ഭാഗം 3 കാണുക

## 1-22 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000, പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000, പരമാവധി 100000) |

21-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി : കോഴിശ്ശേരിക്കുന്ന് അംഗനവാടി അമ്പലക്കുന്ന് റോഡ് റീടാറിംഗ് (215/22)

അടങ്കൽ : 400000 രൂപ (MG NR ഗ്രാന്റ്)

കരാറുകാരൻ : ശ്രീ അബ്ദുൾ നാസർ ടി പി

കരാർ : 106/20-21/25-9-20

PAC : 301998.48 രൂപ

M Book : 106/20-21, 168/20-21

പൂർത്തീകരണ കാലയളവ് : 6 മാസം ( TS പ്രകാരം )

(+) കോവിഡ് ഇളവ് : 6 മാസം

ആകെ : 12 മാസം

പൂർത്തീകരിച്ചത് : 14-2-22 (അളവ് പുസ്തകം പേജ 12, 168/21-22)

ചെലവ് - 337122 രൂപ

വൗച്ചർ നമ്പർ 14/21-22/15-9-21: Rs 170867

വൗച്ചർ നമ്പർ 107/21-22/24-3-22: Rs 166255

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 24-9-21 | 14-2-22 | വൈകിയത് : 4 മാസം, 22 ദിവസം.<br>ഈടാക്കേണ്ട പിഴ: 6510 രൂപ<br>(25-9-21 To 24-12-21- @ 1% Of PAC: |

| | | |
|---|---|---|
| | | 3019.98<br>25-12-21 To 14-2-22- @ 1% Of PAC:<br>301998.48 X 2% X 52/90= 3489.75 രൂപ<br>ആകെ: 6509.73, le 6510 രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയത് മൂലമുള്ള നഷ്ടം 6510 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ, നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 3/3-3-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പിഴ ഈടാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതും നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-23 തൊഴിൽ നികുതി - ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

2021-22 ലെ രണ്ട് അർദ്ധ വർഷങ്ങളിൽ അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ജൂനിയർ അസിസ്റ്റന്റ് മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസത്തിൽ കുറയാതെ വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്.
2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-12 ആയി മേൽ അപാകത സൂചിപ്പിച്ചിരുന്നു. ആയതിന് അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ ജൂനിയർ അസിസ്റ്റന്റിനെ കൂടാതെ ദിവസ വേതനക്കാരും പാക്കിംഗ് തൊഴിലാളികളുമാണ് ജോലി ചെയ്തുവരുന്നതെന്നും ആയതിനാലാണ് ജൂനിയർ അസിസ്റ്റന്റ് മാത്രം തൊഴിൽ നികുതി അടവാക്കിയതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരുന്നത്. ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസത്തിൽ കുറയാതെ വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണെന്നതിനാൽ മേൽ ഖണ്ഡികയിൻമേലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.
2021-22 ലെ രണ്ട് അർദ്ധ വർഷങ്ങളിൽ അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ ജൂനിയർ അസിസ്റ്റന്റിനെ കൂടാതെ ജോലി ചെയ്ത ദിവസ വേതനക്കാരും പാക്കിംഗ് തൊഴിലാളികളുമുൾപ്പടെയുള്ള മുഴവൻ തൊഴിലാളികളുടെയും അർദ്ധ വാർഷിക വരുമാന പത്രിക ആവശ്യപ്പെട്ട് ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 7/06.03.2023 മറുപടി ലഭിച്ചില്ല)

## 1-24 റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയം - നികുതി ഇനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ എന്നീ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 20/ച.മീ, റിസോർട്ടുകൾക്ക് 80/ച.മീ എന്നിങ്ങനെയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. റിസോർട്ടുകളായി പ്രവർത്തിക്കുന്ന (ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത വാർഡ് ക്ലർക്ക് കെട്ടിടങ്ങളിൽ റിസോർട്ടുകൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്) താഴെപ്പറയുന്ന കെട്ടിടങ്ങളെ ലോഡ്ജ് എന്നായി പരിഗണിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.
വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ, കെട്ടിട നമ്പർ | ലൈസൻസ് വിവരം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|
| ശ്രീമതി.സക്കീന, ഫെബിൻ, സബ്ന മഹൽ | 01/21-22<br>WILD STREAM | 8/272- L<br>തറ വിസ്തീർണ്ണം- 93 | 8/272- L<br>തറ വിസ്തീർണ്ണം- 93 | 8/272- Lവാർഷിക |

| | | | | |
|---|---|---|---|---|
| & ഷമീം ക്രൈഫ്<br>8/272- L, 8/272 -M | RESORT<br>POOTHOTTAKADAV,<br>TK COLONY | ച.മീ(48 ച.മീ GF+ 45 FF)<br>ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 1860<br>ഇളവ് (10% മേഖല)- 186<br>വർദ്ധനവ് (20%- വഴിസൗകര്യം)- 372<br>വാർഷിക വസ്തുനികുതി – 2046<br>ഗ്രന്ഥശാലാ വരി- 103<br>8/272- M<br>തറ വിസ്തീർണ്ണം- 170 ച.മീ(81 ച.മീ GF+ 89 FF)<br>ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 3400<br>ഇളവ് (10% മേഖല)- 340<br>വർദ്ധനവ് (20%- വഴിസൗകര്യം)- 680<br>വാർഷിക വസ്തുനികുതി – 3740<br>ഗ്രന്ഥശാലാ വരി- 187 | ച.മീ(48 ച.മീ GF+ 45 FF)<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 7440<br>ഇളവ് (10% മേഖല)- 744<br>വർദ്ധനവ് (20%- വഴിസൗകര്യം)- 1488<br>വാർഷിക വസ്തുനികുതി – 8184<br>ഗ്രന്ഥശാലാ വരി- 409<br>8/272- M<br>തറ വിസ്തീർണ്ണം- 170 ച.മീ(81 ച.മീ GF+ 89 FF)<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 13600<br>ഇളവ് (10% മേഖല)- 1360<br>വർദ്ധനവ് (20%- വഴിസൗകര്യം)-2720<br>വാർഷിക വസ്തുനികുതി – 14960<br>ഗ്രന്ഥശാലാ വരി- 748 | വസ്തുനികുതി – 6138<br>ഗ്രന്ഥശാലാ വരി- 306<br>8/272- M<br>വാർഷിക വസ്തുനികുതി – 11220<br>ഗ്രന്ഥശാലാ വരി- 561 |
| ശ്രീ.കെ.ആർ.രഞ്ജിത്ത്<br>8/278 | 2/21-22<br>NILAMBU HERITAGE,<br>POOTHOTTAKADAV,<br>TK COLONY | ഇളവ് (20% മേഖല+മേൽക്കൂര)- 220<br>അടിസ്ഥാന വസ്തുനികുതി- 1100<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>തറ വിസ്തീർണ്ണം- 55 ച.മീ(25 ച.മീ GF+ 30 FF)<br>8/278<br>വർദ്ധനവ് (20%- വഴിസൗകര്യം)- 220<br>വാർഷിക വസ്തുനികുതി – 1100<br>ഗ്രന്ഥശാലാ വരി- 55 | 8/278<br>തറ വിസ്തീർണ്ണം- 55 ച.മീ(25 ച.മീ GF+ 30 FF)<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 4400<br>ഇളവ് (20% മേഖല+മേൽക്കൂര)-880<br>വർദ്ധനവ് (20%- വഴിസൗകര്യം)- 880<br>വാർഷിക വസ്തുനികുതി – 4400<br>ഗ്രന്ഥശാലാ വരി- 220 | വാർഷിക വസ്തുനികുതി – 3300<br>ഗ്രന്ഥശാലാ വരി- 165 |
| ശ്രീ.പ്രസന്നൻ<br>8/272- B, C,D, E | 3/21-22<br>GREAT HORNBILL<br>POOTHOTTAKADAV, | 8/272- B<br>തറ വിസ്തീർണ്ണം- 44 ച.മീ GF | 8/272- B<br>തറ വിസ്തീർണ്ണം- 44 ച.മീ GF | 8/272- B<br>വാർഷിക വസ്തുനികുതി |

| | | | | |
|---|---|---|---|---|
| | TK COLONY | ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 880<br>ഇളവ് (10% മേഖല)- 88<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 264<br>വാർഷിക വസ്തുനികുതി – 1056<br>ഗ്രന്ഥശാലാ വരി- 53<br>8/272- C<br>തറ വിസ്തീർണ്ണം- 44 ച.മീ GF<br>ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 880<br>ഇളവ് (10% മേഖല)- 88<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 264<br>വാർഷിക വസ്തുനികുതി – 1056<br>ഗ്രന്ഥശാലാ വരി- 53<br>8/272- D<br>തറ വിസ്തീർണ്ണം- 44 ച.മീ FF<br>ഉപയോഗം- അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 880<br>ഇളവ് (10% മേഖല)- 88<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 264<br>വാർഷിക വസ്തുനികുതി – 1056<br>ഗ്രന്ഥശാലാ വരി- 53<br>8/272- E<br>തറ വിസ്തീർണ്ണം- 44 ച.മീ<br>ഉപയോഗം- അസംബ്ലി | ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 3520<br>ഇളവ് (10% മേഖല)- 352<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 1056<br>വാർഷിക വസ്തുനികുതി – 4224<br>ഗ്രന്ഥശാലാ വരി- 211<br>8/272- C<br>തറ വിസ്തീർണ്ണം- 44 ച.മീ GF<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 3520<br>ഇളവ് (10% മേഖല)- 352<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 1056<br>വാർഷിക വസ്തുനികുതി – 4224<br>ഗ്രന്ഥശാലാ വരി- 211<br>8/272- D<br>തറ വിസ്തീർണ്ണം- 44 ച.മീ GF<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 3520<br>ഇളവ് (10% മേഖല)- 352<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 1056<br>വാർഷിക വസ്തുനികുതി – 4224<br>ഗ്രന്ഥശാലാ വരി- 211<br>8/272- E<br>തറ വിസ്തീർണ്ണം- 44 ച.മീ GF<br>ഉപയോഗം- റിസോർട്ട്<br>അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/ച.മീ<br>അടിസ്ഥാന വസ്തുനികുതി- 3520<br>ഇളവ് (10% മേഖല)- 352<br>വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 1056<br>വാർഷിക വസ്തുനികുതി – 4224<br>ഗ്രന്ഥശാലാ വരി- 211 | – 3168<br>ഗ്രന്ഥശാലാ വരി- 158<br>8/272- C<br>വാർഷിക വസ്തുനികുതി – 3168<br>ഗ്രന്ഥശാലാ വരി- 158<br>8/272- D<br>വാർഷിക വസ്തുനികുതി – 3168<br>ഗ്രന്ഥശാലാ വരി- 158<br>8/272- E<br>വാർഷിക വസ്തുനികുതി – 3168<br>ഗ്രന്ഥശാലാ വരി- 158 |

| | | | | |
|---|---|---|---|---|
| | | കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ലോഡ്ജ് സിനിമ തിയേറ്റർ അടിസ്ഥാന വസ്തുനികുതി നിരക്ക്- 20/ച.മീ അടിസ്ഥാന വസ്തുനികുതി- 880 ഇളവ് (10% മേഖല)- 88 വർദ്ധനവ് (20%- വഴിസൗകര്യം+ എയർ കണ്ടീഷനിംഗ് 10%)- 264 വാർഷിക വസ്തുനികുതി – 1056 ഗ്രന്ഥശാലാ വരി- 53 | | |

റിസോർട്ടുകളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ ലോഡ്ജ് കെട്ടിടമായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 9/06.03.2023 മറുപടി ലഭിച്ചിട്ടില്ല)

## 1-25 ഡയാലിസിസ് രോഗികൾക്ക് ധനസഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല

| പ്രൊജക്ട് നം. പേര് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| 239/22, ഡയാലിസിസ് രോഗികൾക്ക് ഡയാലിസിസിന് ധനസഹായം | 16000/- (വികസന ഫണ്ട് ജനറൽ) | 28/17.03.2022 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 2 ഡയാലിസിസ് രോഗികൾക്ക് മാസത്തിൽ 2000/-രൂപ വീതം 4 മാസത്തേക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന് 16000 രൂപ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.1461/22, രോഗികൾക്ക് ധനസഹായം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുന്നതും ജില്ലാ മെഡിക്കൽ ഓഫീസർ
(അലോപതി) നിർവ്വഹണ ഉദ്യോഗസ്ഥനായി, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിക്കാണ് വിഹിതം നൽകിയിട്ടുള്ളത്.

ജില്ലാപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ചും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമായതിന്റെ വിശദാംശങ്ങളും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 17/07.03.2023 മറുപടി ലഭിച്ചില്ല.)

## 1-26 കോവിഡ് 19 പ്രതിരോധ പ്രവർത്തനം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം. പേര് | ചെലവ് തുക |
|---|---|
| 185/22, കോവിഡ് 19 പ്രതിരോധ പ്രവർത്തനം (ആരോഗ്യം) അടങ്കൽ -313000/- (തനതുഫണ്ട്) | 177235/- (തനതുഫണ്ട്)<br>Vr.No22100091/13.10.21-110161/-<br>Vr.No 22100095/22.10.21-17442/-<br>Vr.No 22100098/23.10.21-1000/-<br>Vr.No 22100263/21.12.21-15114/-<br>Vr.No 22100445/25.02.22-33518/- |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 177235/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 144679/- രൂപയുടെ (Vr.No22100091/13.10.21-110161/-, Vr.No 22100098/23.10.21-1000/-, Vr.No 22100445/25.02.22-33518/-) ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ 144679/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി 19/07.03.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-27 പ്രാഥമികാരോഗ്യ കേന്ദ്രം സബ്സെന്ററുകൾക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ- കമ്പ്യൂട്ടർ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 63/22 |
| പദ്ധതിയുടെ പേര് | പ്രാഥമികാരോഗ്യ കേന്ദ്രം സബ്സെന്ററുകൾക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കലും |
| അടങ്കൽ തുക | 40000/- രൂപ (റോഡിതരം) |
| വിനിയോഗിച്ച തുക | 31545/- രൂപ<br>ബി.നം 7/21-22/27.07.21- 31545/- (റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പ്രാഥമികാരോഗ്യ കേന്ദ്രം സബ്സെന്ററുകൾക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കലും എന്ന പദ്ധതി പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/26688/20-21 തീയതി. 27.04.2021 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 31545/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ലഭ്യമായത് സംബന്ധിച്ച വിവരം ലഭ്യമല്ല. കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി.20/07.03.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടർ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

| പ്രൊജക്ട് നം. പേര് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| 258/22, പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഇൻവർട്ടർ വാങ്ങൽ | 144906/- (റോഡിതരം) | 23/21-22 /20.02.2022 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇൻവർട്ടർ വാങ്ങുന്നതിനായി 144906/- രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| SDV Engineering | Inv.NO. 285/21-22 Dtd. 31.12.2021- 108117/- |
| RASHEES ELECTRICAL & ELECTRONICS | 269/28.01.2022 (Installation Charge) – 13980/- |
| CHALIYAR LIGHTS | C2259/28.01.2022 (Accessories)- 22809/- |

എന്നാൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 21/07.03.2023 നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 അനധികൃതമായി ഭൂപരിവർത്തനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷ (JC3-171/22 തി. 11.01.2022) പരിശോധിച്ചതിൽ ശ്രീ.കബീർ.ടി, തറമ്മൽ ഹൗസ്,

പൂക്കോട്ടുംപാടം എന്നവരുടെ ഉടമസ്ഥതയിലുള്ള 13/710 C നമ്പർ കെട്ടിടത്തിൽ ഭക്ഷണം പാകം ചെയ്ത് വിൽപന നടത്തുന്നതിനായി കതിർ ഫാം എന്ന സ്ഥാപനം നടത്തുന്നതിന് 542/21-22 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്, എൽ.എസ്.ജി.ഡി ഓവർസിയർ എന്നിവരുടെ സാനിധ്യത്തിൽ 19.01.2022 ന് കതിർ ബയോ ഡേവേഴ്സിറ്റി ഫാം സൈറ്റ് പരിശോധിച്ചപ്പോൾ ലൈസൻസ് അനുവദിച്ചതായി പറയുന്ന 13/710 C നമ്പർ കെട്ടിടത്തിലല്ല ഭക്ഷണം പാകം ചെയ്ത് വിൽപന നടത്തുന്നതെന്ന് വ്യക്തമായിരുന്നു. 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചപ്പോൾ സൈറ്റ് പരിശോധിച്ച് ഉറപ്പുവരുത്തിയാണോ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന വിവരവും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-14, 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-19 എന്നീ ഖണ്ഡികകളിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 10/06.03.2023 നൽകിയിരുന്നു. ആയതിന് താഴെപ്പറയുന്ന മറുപടി ലഭ്യമാക്കി. അമരമ്പലം പഞ്ചായത്തിലെ 18/710 സി നമ്പർ കെട്ടിടം തറമ്മൽ കബീർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 17.38 ചതുരശ്ര മീറ്റർ വിസ്തീർണമുള്ളതും റവന്യ രേഖകളിൽ കരഭൂമിയായും നിൽക്കുന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ആണ്. കതിർ ഫാമിൽ വരുന്ന സന്ദർശകർക്ക് ഭക്ഷണം നിർമ്മിച്ച് നൽകുന്നതിന് വേണ്ടി പ്രസ്തുത കെട്ടിടത്തിൽ ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും അപേക്ഷയും മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കരഭൂമിയായതിനാൽ 2008 ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം സെക്ഷൻ 14 പ്രകാരം നിരോധനം ബാധകമല്ലാത്തതിനാൽ സ്ഥല പരിശോധന നടത്തി ഭക്ഷണ സാധനങ്ങൾ പാചകം ചെയ്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് അനുവദിക്കുകയാണ് ചെയ്തത്. 31/08/2021 ലെ 191/2021 സർക്കാർ ഉത്തരവ് പ്രകാരം ഇടത്തരം വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുക്കുന്നതിന് അപേക്ഷ ലഭിച്ചാൽ പരിശോധന നടത്താതെ തന്നെ ലൈസൻസ് നൽകുന്നതിന് നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ് നൽകി 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ , വ്യാപാര സ്ഥാപനങ്ങൾ, സംരഭകത്വങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പഞ്ചായത്ത് ലൈസൻസ് നൽകി നിയന്ത്രിക്കേണ്ട, സ്ഥാപനങ്ങളുടെ ലിസ്റ്റ് പട്ടിക 1 ൽ 159 എണ്ണം ആയിട്ട് പറഞ്ഞിട്ടുണ്ട്. ആയതിൽ ഇക്കോ ടൂറിസമോ ടൂറിസം സംബന്ധമായ മറ്റ് പ്രവർത്തനങ്ങളോ ലിസ്റ്റ് ചെയ്തിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകി നിയന്ത്രിക്കണമെന്ന് പറഞ്ഞിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും കതിർ ഫാമിന് ബാധകമായിട്ടുള്ളതുമായ ഇനം ഭക്ഷണ വിതരണം ആയതിനാൽ ആണ് പഞ്ചായത്ത് പ്രസ്തുത സ്ഥാപനത്തിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് ലൈസൻസ് അനുവദിച്ചത്. ആയത് 2008 ലെ നെൽവയൽ തണ്ണീർതട നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് മാത്രമാണ്. 2008 ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാവുന്നത് സെക്ഷൻ 14 പ്രകാരം ഉള്ള നിർമ്മാണ നിയന്ത്രണവും സെക്ഷൻ 27 പ്രകാരം ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നതും സംബന്ധമായ വ്യവസ്ഥകൾ മാത്രമാണ്. അമരമ്പലം ഗ്രാമപഞ്ചായത്തിൽ നിന്നും കതിർ ഫാമിൽ പരിശോധന നടത്തിയതിൽ നിന്നും 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 4 പ്രകാരം നിർമ്മാണ അനുമതി ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചതായി കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല. 2008 ലെ കേരള നെൽവയൽ തണ്ണീർതട നിയമ പ്രകാരം നിയമ ലംഘനം ഉണ്ടോ എന്നത് പരിശോധിച്ച് റവന്യ ഡിവിഷണൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് നൽകേണ്ടത് കൃഷി ഓഫീസർ ആണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് നിരീക്ഷണങ്ങൾ പരിശോധിച്ച് നെൽവയൽ തണ്ണീർതട നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ നിയമ നടപടി സ്വീകരിക്കുന്നതിന് 2021-22 വർഷത്തെ ഇതേ പരാമർശം റിപ്പോർട്ടിംഗ് ഓഫീസർ ആയ കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ബാധകമായ 2008 ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിലെ സെക്ഷൻ 14, സെക്ഷൻ 27 എ എന്നിവ ലംഘിച്ചിട്ടില്ലാത്തിനാലും അനധികൃതമായി ഭൂപരിവർത്തനം നടത്തി എന്ന പരാമർശത്തിൽ നിയമപരമായ നടപടി സ്വീകരിക്കേണ്ട കൃഷി ഓഫീസർക്ക് റിപ്പോർട്ട് കൈമാറിയിട്ടുണ്ട് എന്നതും ഈ വിഷയത്തിൽ പഞ്ചായത്തിന് തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കില്ല എന്നുമാണ് മറുപടി നൽകിയത്.

18/710 സി നമ്പർ കെട്ടിടം തറമ്മൽ കബീർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 17.38 ചതുരശ്ര മീറ്റർ വിസ്തീർണമുള്ളതും റവന്യ രേഖകളിൽ കരഭൂമിയായും നിൽക്കുന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ആണ്. കതിർ ഫാമിൽ വരുന്ന സന്ദർശകർക്ക് ഭക്ഷണം നിർമ്മിച്ച് നൽകുന്നതിന് വേണ്ടി ലൈസൻസിനായുള്ള അപേക്ഷയിൽ മേൽ സ്ഥാപനം 18/710 സി നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതായാണ് അപേക്ഷകൻ അറിയിച്ചിട്ടുള്ളത്. എന്നാൽ കതിർ ബയോ ഡേവേഴ്സിറ്റി ഫാം പ്ലോട്ടിലല്ല 18/710 സി നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നത്. കതിർ ബയോ ഡേവേഴ്സിറ്റി ഫാം പ്ലോട്ടിലുള്ള അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിലാണ് ഭക്ഷണം നിർമ്മിച്ച് നൽകുന്നത്. അനധികൃത നിർമ്മാണങ്ങൾ തടയുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. കൃഷി ഓഫീസറുടെ റിപ്പോർട്ട്, തുടർ നടപടി വിവരം എന്നിവ അറിയിക്കേണ്ടതാണ്.

## 1-30 രശീതികളുടെ ഉപയോഗം- അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ വിഹിതം

പിരിച്ചെടുക്കുന്നതിനായി രശീതികൾ ഉപയോഗിച്ചിട്ടുണ്ട് .

| രശീതി ബുക്ക് | രശീതികൾ |
|---|---|
| 25205, 25206, 25207, 25208, 25209, 25223, 25224, 8027 | 1-100 |
| 8028 | 1-72 |

എന്നാൽ പണം കൈപ്പറ്റി ഗുണഭോക്താക്കൾക്ക് രശീതി നൽകുമ്പോൾ രശീതികളിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല. തുക ഗ്രാമപഞ്ചായത്തിൽ അടവാക്കുന്ന സമയത്ത് (ഒറിജിനലിൽ മാത്രം) തിയ്യതി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾക്ക് നൽകാനുള്ള ഡ്യൂപ്ലിക്കേറ്റ് നൽകാതെ ചില രശീതികൾ രശീതി പുസ്തകത്തിൽ (ഒറിജിനൽ & ഡ്യൂപ്ലിക്കേറ്റ്) ഉള്ളതിൽ ഒറിജിനലിൽ തിയ്യതി രേഖപ്പെടുത്തിയതായും ഡ്യൂപ്ലിക്കേറ്റിൽ തിയ്യതി രേഖപ്പെടുത്താതെയും കണ്ടു. കൂടാതെ രശീതികളിൽ രേഖപ്പെടുത്തിയവയിൽ തിയ്യതി മാത്രം കാർബൺ പതിഞ്ഞതായും കാണുന്നില്ല. പണം കൈപ്പറ്റി രശീതി നൽകുന്ന സമയത്ത് തിയ്യതി രേഖപ്പെടുത്താതെ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന തിയ്യതി പിന്നീട് ചേർക്കുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ കളക്ഷൻ തുക യഥാസമയം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധ്യമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 8/06.03.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്തൃ വിഹിതമായി പിരിച്ച തുക അതത് ദിവസമോ തൊട്ടടുത്ത ദിവസമോ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും മേലിൽ അപാകത ആവർത്തിക്കില്ലെന്നും അറിയിച്ചു. പണം കൈപ്പറ്റുന്ന മുറക്ക് തിയ്യതി രേഖപ്പെടുത്തിയ രശീതികൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 90 % പ്രവൃത്തികൾക്ക്, 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (MORD-2016,C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 4-3-23 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന 6 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 23120 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2016,Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | ചെറായി S T കോളനി റോഡ് കോൺക്രീറ്റ്, 145/22<br>അടങ്കൽ: 300000 രൂപ<br>( വികസന ഫണ്ട് (G ) | 42.443 M3 | 42.443m3x291.65= 12378.50<br>(-)ടെണ്ടർ കുറവ്-27.642% 3421.66<br>ബാക്കി: 8956.84<br>(+) 12% GST: = 1074.82 |

| | | | |
|---|---|---|---|
| | കരാറുകാരൻ:<br>ശ്രീ ജ്യോതിഷ് ടി<br>കരാർ: 69/21-22/7-12-21<br>(27.642% Below ER)<br>ചെലവ്: 288397 രൂപ<br>വൗച്ചർ നമ്പർ: 68/21-22 /31-1-22<br>അളവ് പുസ്തകം: 69/21-22<br>അളവെടുത്ത തീയതി: 20-1-22 (അളവ് പുസ്തകം പേജ് 7)<br>MORD-2016,C I 31.06% | | ആകെ: 10031.66<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>10031.66 X 50 % = 5015.83<br>Rounded: 5016 രൂപ |
| 2 | നെല്ലിക്കുന്ന് പാലക്കൽ വഹാബ് റോഡ് കോൺക്രീറ്റ്, 120/22<br>അടങ്കൽ: 300000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ മുഹമ്മത് അഷറഫ്<br>കരാർ: 10/21-22/6-9-21<br>(28.76% Below ER)<br>ചെലവ്: 213656 രൂപ<br>വൗച്ചർ നമ്പർ: 36/21-22 /8-12-21<br>അളവ് പുസ്തകം: 10/21-22<br>അളവെടുത്ത തീയതി: 29-11-21 (അളവ് പുസ്തകം പേജ് 4)<br>MORD-2016,C I 31.06% | 32.76 M3 | 32.76m3x291.65= 9554.45<br>(-)ടെണ്ടർ കുറവ്-28.76% 2747.86<br>ബാക്കി: 6806.59<br>(+) 12% GST: = 816.79<br>ആകെ: 7623.38<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7623.38 X 50 % = 3811.69<br>Rounded: 3812 രൂപ |
| 3 | ഉള്ളാട് കടുകശ്ശേരി റോഡ് കോൺക്രീറ്റ്, 111/22<br>അടങ്കൽ: 300000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ മുഹമ്മത് അഷറഫ്<br>കരാർ: 8/21-22/6-9-21<br>(28.76% Below ER)<br>ചെലവ്: 210244 രൂപ<br>വൗച്ചർ നമ്പർ: 37/21-22 /8-12-21<br>അളവ് പുസ്തകം: 8/21-22<br>അളവെടുത്ത തീയതി: 30-11-21 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 32.237 M3 | 32.237m3x291.65= 9401.92<br>(-)ടെണ്ടർ കുറവ്-28.76% 2703.99<br>ബാക്കി: 6697.93<br>(+) 12% GST: = 803.75<br>ആകെ: 7501.68<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7501.68 X 50 % = 3750.84<br>Rounded: 3751 രൂപ |

| | | | |
|---|---|---|---|
| 4 | കുറ്റിക്കുന്ന് S C കോളനി ഫൂട്ട്പാത്ത് കോൺക്രീറ്റ്, 138/22<br>അടങ്കൽ: 300000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ രാജ് മോഹൻ കെ<br>കരാർ: 35/21-22/18-9-21<br>(24.3% Below ER)<br>ചെലവ്: 226998 രൂപ<br>വൗച്ചർ നമ്പർ: 54/21-22 /15-1-22<br>അളവ് പുസ്തകം: 35/21-22<br>അളവെടുത്ത തീയതി: 17-12-21 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 33.07 M3 | 33.07m3x291.65= 9644.86<br>(-)ടെണ്ടർ കുറവ്-24.3% 2343.70<br>ബാക്കി: 7301.16<br>(+) 12% GST: = 876.13<br>ആകെ: 8177.29<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>8177.29 X 50 % = 4088.64<br>Rounded: 4089 രൂപ |
| 5 | നെമ്മിനി S C കോളനി പുതിയകളം റോഡ് കോൺക്രീറ്റ്, 137/22<br>അടങ്കൽ: 300000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ സി ഷൗക്കത്തലി<br>കരാർ: 52/21-22/26-11-21<br>(26.1% Below ER)<br>ചെലവ്: 221619 രൂപ<br>വൗച്ചർ നമ്പർ: 52/21-22 /15-1-22<br>അളവ് പുസ്തകം: 52/21-22<br>അളവെടുത്ത തീയതി: 15-12-21 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 31.50 M3 | 31.50m3x291.65= 9186.97<br>(-)ടെണ്ടർ കുറവ്-26.1% 2397.80<br>ബാക്കി: 6789.17<br>(+) 12% GST: = 814.70<br>ആകെ: 7603.87<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7603.38 X 50 % = 3801.93<br>Rounded: 3802 രൂപ |
| 6 | വളപ്പിൽ ഷൗക്കത്ത് റോഡ് പുനരുദ്ധാരണം, 95/22<br>അടങ്കൽ: 250000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ : ശ്രീ പി കെ വേലായുധൻ<br>കരാർ : 44/21-22/26-11-21<br>(25.635% Below ER)<br>ചെലവ്: 185652 രൂപ<br>വൗച്ചർ നമ്പർ: 42/21-22 /18-12-21 | 27.27 M3 | 27.27m3x291.65= 7953.29<br>(-)ടെണ്ടർ കുറവ്-25.635% 2038.82<br>ബാക്കി: 5914.47<br>(+) 12% GST: = 709.73<br>ആകെ: 6624.20<br>(കുറിപ്പ്: 60% ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6624.20 X 40 % = 2649.68<br>Rounded: 2650 രൂപ |

| | | | |
|---|---|---|---|
| | അളവ് പുസ്തകം: 44/21-22<br>അളവെടുത്ത തീയതി: 15-12-21 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | | |
| | | ആകെ | 23120 രൂപ |

സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രം ചെയ്ത പ്രവൃത്തിക്ക് ആയത് മുഴുവനായി ചെയ്തതിനുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 23,120 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 14/6-3-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, അധികത്തുക അടവാക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടത്തുക ഈടാക്കുന്നതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ സർചാർജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-2 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി പദ്ധതി – അധികതുക നൽകി

പ്രോജക്റ്റ് നം. 9/22

ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി പദ്ധതി

വിനിയോഗിച്ച തുക- 7,00,000രൂപ (പ്ലാൻഫണ്ട് -ജനറൽ)

ബിൽ നം.1/2021-22/ 15.02.22- 1,82,943 രൂപ

ബിൽ നം.2/2021-22/ 15.02.22- 64,155 രൂപ

ബിൽ നം.3/2021-22/ 26.02.22- 1,71,285രൂപ

ബിൽ നം.4/2021-22/ 26.02.22- 1,46,103 രൂപ

ബിൽ നം.5/2021-22/ 26.02.22- 57,033രൂപ

ബിൽ നം.6/2021-22/ 26.02.22- 11,520രൂപ

ബിൽ നം.7/2021-22/ 26.02.22- 38,254രൂപ

ബിൽ നം.8/2021-22/ 26.02.22- 28707രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ വിവിധ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 2021 ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ പാലളവ് പത്രികയുടെ അടിസ്ഥാനത്തിൽ 1 ലിറ്റർ പാലിനു 3 രൂപ നിരക്കിൽ ആണ് സബ്സിഡി നൽകിയിട്ടുള്ളത് എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് പാലുൽപാദക സഹകരണ സംഘം നൽകിയ കണക്കിലുള്ളതിനേക്കാൾ കൂടിയ അളവ് പാലിനു സബ്സിഡി നൽകി.

| ഗുണഭോക്താവ് | പാലളവ് പത്രിക പ്രകാരം അളന്ന പാൽ (ലിറ്റർ) | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം തുക | സൊസൈറ്റിയുടെ പേര് |
|---|---|---|---|---|---|
| സുഷ്മ പുത്തൻവീട്ടിൽ | 718 | 2154 (718x3) | 4218 (1406x3) | 2064 | പൂക്കോട്ടുംപാടം കെ എസ് എസ് (ബിൽ നം.1/20-22/ 15.02.22) |

| | | | | | |
|---|---|---|---|---|---|
| ഗംഗ കണ്ണംകുളങ്ങര | 24 | 72(24x3) | 807(269x3 | 735 | അമരമ്പലം കെ എസ് എസ് ബിൽ നം.1/2021-22/ 15.02.22 |
| സൈനബ കളരിപറമ്പിൽ | 580 | 1740 (580x3) | 2178 (726x3) | 438 | കരുളായി കെ എസ് എസ് (ബിൽ നം.3/2021-22/ 26.02.22) |
| അധികം | | | | 3237 | |

കൂടാതെ, വേങ്ങപ്പുരത കെ എസ് എസ് ലെ ക്ഷീരകർഷകർക്ക് താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്. ബിൽ നം.4/2021-22/ 26.02.22 പ്രകാരം അധിക തുക നൽകിയ ക്ഷീരകർഷകർക്ക് പിന്നീട് ബിൽ നം.7/2021-22/ 26.02.22 പ്രകാരം വീണ്ടും തുക നൽകുകയുണ്ടായി.

| ഗുണഭോക്താവ് | പാലളവ് പത്രിക പ്രകാരം അളന്ന പാൽ (ലിറ്റർ) | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക ബിൽ നം.4/2021-22/ 26.02.22 പ്രകാരം | അനുവദിച്ച തുക ബിൽ നം.7/2021-22/ 26.02.22 പ്രകാരം വീണ്ടും നൽകിയത് | ആകെ അധിക തുക |
|---|---|---|---|---|---|
| വൽസല | 402 | 1206(402x3) | 2232 (744x3) | 141 | 1167 (2373-1206) |
| അഹമ്മദ്കുട്ടി | 210 | 630 (210x3) | 1617 (539x3) | 227 | 1214 (1844-630) |
| മോഹൻദാസ് | 603 | 1809 (603x3) | 2409 (803x3) | 59 | 659 (2468-1809) |
| സുധീർബാബു | 609 | 1827(609x3) | 2190(730x3) | 209 | 572 (2399-1827) |
| അബൂബക്കർ | 1562 | 4686(1562x3) | 5022(1674x3) | 525 | 861 (5547-4686) |
| ഷിന്റോ മാത്യു | 225 | 675(225x3) | 1134(378x3) | 105 | 564 (1239-675) |
| ജെയിൻവെട്ടിക്കൽ | 1281 | 3843 (1281x3) | 4926 (1642x3) | 463 | 1546 (5389-3843) |
| സ്മിത മാടായി | 1053 | 3159 (1053x3) | 3930(1310x3) | 335 | 1106 (4265-3159) |
| ജയമോൾ | 784 | 2352(784x3) | 2556 (852x3) | 256 | 460 (2812-2352) |
| സിന്ധു | 165 | 495 (165x3) | 600 (200x3) | 52 | 157 (652-495) |
| ഷാജി ജോസഫ് | 3323 | 9969 (3323x3) | 11061 (3687x3) | 910 | 2002 (11971-9969) |
| സജി എം ആർ | 208 | 624 (208x3) | 816(272x3) | 72 | 264 (888-624 ) |
| ശാരദ ചുള്ളികുളവൻ | 245 | 735 (245x3) | 1254 (418x3) | 112 | 631 (1366- 735) |
| പ്രമീള മൊരടൻ | 705 | 2115 (705x3) | 2208 (736x3) | 205 | 298 (2413-2115) |
| രഞ്ജിത്ത് | 3456 | 10368(3456x3) | 13359(4453x3) | 1109 | 4100 (14468-10368) |
| സന്തോഷ് | 1238 | 3714 (1238x3) | 14592 (4864x3) | 0 | 10,878 (14592-3714) |
| ഉമ്മർ എ | 3116 | 9348 (3116x3) | 10314 (3438x3) | 1054 | 2020 (11368-9348) |
| ഉമ്മർകുട്ടി | 0 | 0 | 1860(620x3) | 0 | 1860 |
| പത്മനാഭൻ ടി | 568 | 1704 (568x3) | 2085 (695x3) | 187 | 568 (2272-1704) |

| | | | | | |
|---|---|---|---|---|---|
| റംലത്ത് | 354 | 1062 (354x3) | 1686 (562x3) | 100 | 724 (1696-1062 |
| മൈമൂനത്ത് | 1106 | 3318 (1106x3) | 4197 (1399x3) | 331 | 1210 (4528- 3318) |
| ഇസ്ഹാക്ക് | 1230 | 3690 (1230x3) | 4269 (1423x3) | 180 | 759 (4449-3690) |
| അയ്യപ്പൻ | 435 | 1305 (435x3) | 1485 (495x3) | 143 | 323 (1628-1305) |
| പ്രസന്നകുമാരി കരിമ്പനക്കൽ | 165 | 495 (165x3) | 999(333x3) | 60 | 564 (1059-495) |
| സാറാകുന്നനാത്ത് | 298 | 894 (298x3) | 1689 (563x3) | 119 | 914 (1808-894) |
| സുലോചന കെ | 1426 | 4278 (1426x3) | 4728 (1576x3) | 466 | 916 (5194- 4278) |
| ആയിഷ കെ പി | 656 | 1968 (656x3) | 1839(613x3) | 207 | 78 (2046-1968) |
| ആകെ | | | | | 36,415 |
| ഒട്ടാകെ | | | | | 36415+ 3237 = 39,652 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2021-22/ 06.03.2023) വ്യക്തമായ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജറാക്കുകയോ ചെയ്തിട്ടില്ല. അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിക്കുന്നു. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2021-22 | 27.02.2023 മുതൽ 01.03.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 855000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 28/22 | 855000 | 0 |
| ജില്ലാ പഞ്ചായത്ത് | 246469 | ലൈഫ് മിഷൻ ഭവന പദ്ധതി (SC) - 177/22 | 246469 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 33531 | ലൈഫ് മിഷൻ ഭവന പദ്ധതി (SC) - 177/22 | 33531 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 684093 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 28/22 | 684093 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) – 114/22 | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 520608 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകലും കുമ്മായവിതരണവും - 148/22 | 520608 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 465165 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി കുടിശ്ശിക നൽകൽ 274/22 | 465165 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 212500 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകൽ - 276/22 | 212500 | 00 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 163/22-സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 22100117/30.10.2021-1980984/- 22100119/02.11.2021-118826/- 22100268/21.11.2021-99946/- | 2199756 | 0 | 2199756 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 440000 | 30706001 | 3036001 | 0 | 28110000 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 | ലഭ്യമല്ല. |

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 9847/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2020-21 | -- | 2812 | രാജേഷ് കുമാർ, PWD കോൺട്രാക്ടർ | 1210102428/19.1.2022 |
| 2020-21 | -- | 7035 | ബിജു, PWD കോൺട്രാക്ടർ | 1210102483/24.1.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 153836989 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 147220977 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 62772 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 144679 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23120 | ശ്രീമതി.സാജിത, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | 39562 | ശ്രീമതി.ഹസീന.എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 144679 | ഡോ.റഹ്മാൻ .കെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 144679 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| | |
|---|---|
| ശ്രീമതി.സാജിത, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കട്ടിലിങ്ങൽ ഹൗസ്, പാണ്ടിക്കാട്.പി.ഒ 676721 |
| ശ്രീമതി.ഹസീന.എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | താഴെപ്പറമ്പൻ ഹൗസ്, ഹൈസ്കൂൾ റോഡ്, ചന്തകുന്ന് 679329 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ എസ് എ എം പി എം 26/2020/2022(6) തീയ്യതി, 11-10-2022 | 3 |
| 2006-07 | കെ എസ് എ എം പി എം 26/2020/2022(7) തീയ്യതി , 11-10-2022 | 6 |

| | | |
|---|---|---|
| 2007-08 | കെ എസ് എ എം പി എം 26/2020/2022(9) തീയ്യതി , 11-10-2022 | 8 |
| 2008- 09 | കെ എസ് എ എം പി എം 26/2020 /2022(10) തീയ്യതി, 11-10-2022 | 2 |
| 2009-10 | കെ എസ് എ എം പി എം 26/2020/2022(11) തീയ്യതി, 11-10-2022 | 1 |
| 2011-12 2012-13 | കെ എസ് എ എം പി എം 26/2020 /2022(13) തീയ്യതി, 11-10-2022 | 1 |
| 2013-14 2014-15 | കെ എസ് എ എം പി എം 26/2020 /2022(14) തീയ്യതി, 11-10-2022 | 6 |
| 2015-16 | കെ എസ് എ -എം പി എം 26/2895(3)/2019 തീയ്യതി 14.09.2020 | 8 |
| 2016-17 | കെ എസ് എ -എം പി എം 26/2895(4)/2019 തീയ്യതി 23.09.2019 | 11 |
| 2017-18 | കെ.എസ്.എ. എം.പി.എം 26/18/19 തിയ്യതി 03.08.19 | 17 |
| 2018-19 | കെ.എസ്.എ. എം.പി.എം 26/1056/20 തിയ്യതി 07.09.20 | 18 |
| 2019-20 | കെ.എസ്.എ. എം.പി.എം 26/206/22 തിയ്യതി 12.09.22 | 9 |
| 2020-21 | കെ.എസ്.എ. എം.പി.എം 26/207/22 തിയ്യതി 06.09.22 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്